പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2276 **27-10-2026-ൽ മറുപടിയ്ക്ക്**

കയർ ഭൂവസ്ത്രം ഉപയോഗിച്ച് മണ്ണിടിച്ചിലും ഉരുൾപൊട്ടലും തടയുന്നതിന് പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കയർ ഭൂവസ്ത്രം ഉപയോഗിച്ച് പരിസ്ഥിതിലോല മേഖലയിലെ മണ്ണിടിച്ചിലുള്ള പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനായി വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് ശാസ്ത്രീയമായി പരിശോധിച്ച് ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: പരിസ്ഥിതിലോല പ്രദേശങ്ങളിൽ മണ്ണ് സംരക്ഷണത്തിൽ പൂർണ്ണമായ ഫലപ്രാപ്തി കൈവരിക്കുന്നതിന് കയർ ഭൂവസ്ത്രത്തോടൊപ്പം മറ്റ് മണ്ണ് സംരക്ഷണ രീതികൾ കൂടെ സംയോജിപ്പിച്ചുകൊണ്ട് ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കേണ്ടതായുണ്ട്. പ്രദേശത്തെ മണ്ണിന്റെ ഘടന, ചരിവ്, മഴയുടെ തീവ്രത മുതലായ ഘടകങ്ങളെ മുൻനിർത്തി പ്രദേശത്തിന്റെ സ്ഥിതി വിലയിരുത്തിയാണ് പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുന്നത്. ഇത്തരം പ്രദേശങ്ങളിൽ മണ്ണ് സംരക്ഷണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായുള്ള നടപടികൾ നാഷണൽ കയർ റിസർച്ച് & മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ടിൽ സ്വീകരിച്ച് വരുന്നു.

പരിസ്ഥിതി ലോല മേഖലകളിലെ മണ്ണ് സംരക്ഷണത്തിനാവശ്യമായ വിവിധ പ്രൊപ്പോസലുകൾ മൈനിംഗ് & ജിയോളജി ഡിപ്പാർട്ട്മെൻറ്, സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെൻറ് തുടങ്ങിയ വകുപ്പുകൾക്ക് നൽകിയിട്ടുള്ളതും, ഇത് സംബന്ധിച്ച പ്രാരംഭ ചർച്ചകൾ കയർ കോർപ്പറേഷൻ ആരംഭിച്ചിട്ടുമുണ്ട്. ഒഡീഷ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒഡീഷ മൈനിംഗ് കോർപ്പറേഷനുമായി ചേർന്ന് ഏകദേശം 5.26 കോടി മൂല്യം വരുന്ന സമാന സ്വഭാവമുള്ള മണ്ണ് സംരക്ഷണ പ്രവൃത്തികൾ കയർ കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുണ്ട് . കേരളത്തിലെ വിവിധ സർവ്വകലാശാലകൾ, സോയിൽ കൺസർവേഷൻ വകുപ്പ് , കെ.എസ്.ഇ.ബി, മറ്റ് സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് മണ്ണ് സംരക്ഷണ പ്രവർത്തികൾ കയർ ഭൂവസ്ത്രം ഉപയോഗിച്ച് കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ